(ബി) ഈ സാഹചര്യത്തിൽ അടിയന്തിരമായി ഇടക്കാലാശ്വാസം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) അഞ്ചു വർഷം കൂടുമ്പോൾ ശമ്പള പരിഷ്കരണം എന്ന തത്വപ്രകാരം 2002-ന് ശേഷം 2007-ലും ശമ്പള കമ്മീഷൻ നടപടി സ്വീകരിക്കേണ്ട സ്ഥിതിയിൽ 2002-ലെ പരിഷ്കരണത്തിലെ കാലതാമസം ഫലത്തിൽ ഒരു ശമ്പള പരിഷ്കരണം നഷ്ടപ്പെടുത്താനാണ് ഇടയാക്കുക എന്ന വസ്തുത കണക്കിലെടുത്തിട്ടുണ്ടോ;

(ഡി) ശമ്പള കമ്മീഷന്റെ കാലാവധി കുറയ്ക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) കഴിയുമെന്ന് കരുതുന്നു.

(ബി) ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിശോധനാ വിഷയങ്ങളിൽ ഇടക്കാലാശ്വാസം' എന്ന ഇനം ഉൾപ്പെടുത്തുകയും, ഈ വിഷയത്തിന്മേൽ കമ്മീഷന്റെ അഭിപ്രായം മൂന്നു മാസത്തിനകം സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ അഭിപ്രായം ലഭിച്ചശേഷം സർക്കാർ തീരുമാനം പ്രഖ്യാപിക്കും.

(സി) പല കാര്യങ്ങളും കണക്കിലെടുത്താണ് കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചത്.

(ഡി) ഉദ്ദേശിക്കുന്നില്ല.

കെ. എഫ്. സി.യിൽ നിന്ന് ലോണെടുത്തവർക്ക് വൺടൈം സെറ്റിൽമെന്റ് ഏർപ്പെടുത്തുവാൻ നടപടി

13 [3875] *ശ്രീ. സി. കെ. നാണു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എഫ്. സി.യിൽ നിന്ന് ലോണെടുത്തതിനെക്കാളും കൂടുതൽ തുക തിരിച്ചടച്ച് പലർക്കും വീണ്ടും വലിയ തുക അടയ്ക്കാൻ ബാക്കിയുള്ളതുകൊണ്ട് പല ചെറുകിട വ്യവസായികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൺ ടൈം സെറ്റിൽമെന്റ് നടത്തി ചെറുകിട വ്യവസായികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൺ ടൈം സെറ്റിൽമെന്റ് നടത്തി ചെറുകിട വ്യവസായികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ നടപടി കെ. എഫ്. സി.യിൽ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly